# <u>ഒരു ക്നാനായ രോമാഞ്ചം</u> - തുടർച്ച (part 2)

By

George Poozhikala

George Poozhikala is a contemporary writer, thinker and a friend of Global Knanaya Reform Movement. Let us see what Mr. George has to say about Knanaya Community.

കത്തോലിക്ക സഭാനേതൃത്വവും നിയമവ്യവസ്ഥയും പ്രസ്തുത എൻഡോഗമി ദുരാചാരം ധർമ്മച്യുതി എന്നും നിയമ ലംഘനമെന്നും വിധിച്ച് അതിന് വിലക്ക് കൽപ്പിച്ചെങ്കിലും മാർ മൂലക്കാട്ടിൽ തൻറ്റെ ഒരു പ്രസ്താവനയിൽ, ക്നാനായ ഇടവകകളിലെല്ലാം എൻഡോഗമി ആചരണം നിർബാധം തുടരുന്നു എന്ന് അഭിമാനപൂർവ്വം വീമ്പടിച്ച് വിളംബരം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുക ഉണ്ടായി.നിര്ഭാഗ്യകരമെന്ന് പറയട്ടെ ഈ വീമ്പടി വസ്തുതാപരവുമാണ്. പക്ഷേൽ മാർ മൂലക്കാടിൻറ്റെ കുഞ്ഞാടുകളുടെ **ഗുണ്ടാസംസ്കാരം** ആണ് ഈ എൻഡോഗമി ദുരാചാരം ക്നാനായ ഇടവകളിൽ ഇന്നും നിർബാധം തുടരാനുള്ള കാരണം.

അതോടൊപ്പം നിയമാനുസൃതം *ദേശകുറിക്ക്* അവകാശപ്പെട്ടവരെ അത് നിഷേധിച്ച് അധോലോക *സ്റ്റൈലിൽ ബ്ലാക്ക് മെയിൽ* ചെയ്ത് പുകച്ച് പുറത്താക്കുന്ന ക്നാനായ സഭാ സംവിധാനത്തിൻറ്റെ അധാർമീകതയും.,, "-----*പള്ളിക്ക്* -----*കത്തനാർ*" എന്ന അപഹാസം ഇവിടെയാണ് തികച്ചും അന്വർഥമാകുന്നത്. കാരണം ശരിയായ *സനാതന ധർമ്മ* വിധിപ്രകാരം അത് നിർദ്ദേശിക്കുന്ന വർണ്ണാശ്രമത്തിൽ ഒരു വ്യക്തിയുടെ ഉച്ഛനീചത്വം ആ വ്യക്തിയുടെ *സത്വ, രാജോ, തമോ* ഗുണങ്ങൾക്ക് അതായത് **മൂല്ല്യബോധത്തിന്** ആനുപാതികമാണ്. അല്ലാതെ **ജന്മം കൊണ്ട ജാതിയിൽ അധിഷ്ഠിതമല്ല**. ആചാരാനുഷ്ഠാനങ്ങളേ സംരക്ഷിക്കുന്നതിനായി ധാർമീക മൂല്ല്യങ്ങളേ അവഗണിച്ച്, അവയെ ലംഘിക്കുന്നവർ അവരുടെ മൂല്ല്യബോധപാപ്പരത്വത്തെ സൂചിപ്പി ക്കുന്നു. അതുകൊണ്ട് പ്രസ്തുത വിധിപ്രകാരം അവർ നീച ജന്മങ്ങളാണ് -ഹീന ജാതിയാണ്.

പ്രസ്തുത കെവിൻ, കോട്ടയം ക്നാനായ കത്തോലിക്ക അതിരൂപതയുടെയും സമുദായത്തിൻറ്റെയും,, പ്രബുദ്ധത

പാപ്പരത്വത്തിൽ നിന്ന് ഉരുത്തിരിയുന്ന മൂല്ല്യ ബോധ, മൂല്ല്യവ്യവസ്ഥകൾ അനുസരിച്ച് പരമോന്നതവും

അലംഘനീയവും ആയ സ്വജാതി വിവാഹ നിഷ്ഠയെ ലംഖിച്ച്, അപഹസിച്ച ഒരു കൊടും കുറ്റവാളിയാണ്. ക്നാനായ സമുദായത്തിലെ സ്വജാതി വിവാഹ നിഷ്ഠയും ഫ്രുഷ്ട്ടും സമുദായത്തിലെ ഉപബോധ മനസ്സിൽ ശ്വാസം മുട്ടുന്ന അപകർഷതാബോധത്തിൽ നിന്ന് ഉരുത്തിരിയുന്ന അല്പത്വം നിറഞ്ഞു തുളുമ്പുന്ന കപട ഗാന്ധിമാരുടെയും നന്ദികെട്ടവന്മാരുടെയും ഞരമ്പ് രോഗികളുടെയും മാത്രം ആവേശവും ആനന്ദവും അഭിമാനവും ആണ് എന്ന് അങ്ങ് തൃണവൽകരിച്ച് തള്ളിക്കളയാവുന്ന ഒന്നല്ല. കാരണം ക്നാനായ സമുദായത്തിലെ അനേകം സർവ്വകലാശാല അധ്യാപകരുൾപ്പെടുന്ന വിദ്യാസമ്പന്നർക്കും ഉപരി **പരലോകത്തുനിന്ന് പറന്നിറങ്ങി അഭിഷേക പരിവേഷത്തിൻറ്റെ പരദേശി നിലവാരമുള്ള പരിമള പരിമളം പരത്തുന്ന പരിശുദ്ധാരൂപിയുടെ പരിലാളനയിൽ പരിലസിക്കുന്ന പെരിയ പെരിയ .പെരിയ ബഹുമാനപ്പെട്ട മാർ മൂലക്കാട്ടിൽ വരെ നെഞ്ചോട് ചേർത്ത്, ആദരിച്ച് അഭിമാനിക്കുന്ന ഒരു മൂല്ല്യമാണ് ഈ ദുരഭിമാന ക്കൊലക്ക് പ്രചോദനമായ സ്വജാതിവിവാഹ നിഷ്ഠ.**

*"തന്നെ അറിയണമെങ്കിൽ തൻറ്റെ സുഹൃത്തുക്കളെ അറിയുക"* എന്ന സുവിശേഷ വചനം ഇവിടെ പ്രസക്തമാകുന്നു. അതോടൊപ്പം "*നായ് നടു കടലിൽ ചെന്നാലും നക്കിയേ കുടിക്കു* " എന്ന പഴമൊഴിയും. കാരണം അറിവിലും അവബോധത്തലും ശാസ്ത്രജ്ഞാനത്തിലും, മനുഷ്യാവകാശം, സാമൂഹ്യനീതി, സമത്വം, സഹോദര്യം, സ്വാതന്ത്ര്യം എന്നീ ധാർമ്മീക മൂല്ല്യങ്ങളുടെ അംഗീകാരം കൊണ്ടും പൗരപാരതന്ത്ര്യത്തെ പരമാവധി പരിമിതപ്പെടുത്തി, നിബന്ധനകളിൽനിന്നും
നിയന്ത്രണങ്ങളിൽനിന്നും ആചാരാനുഷ്ഠാനങ്ങളിൽനിന്നും മത മൗലീകവാദങ്ങളിൽനിന്നും മനുഷ്യ മനസ്സിനെ സ്വാതന്ത്രമാക്കുന്ന **ആധുനീക ലിബറലിസം** (liberalism) കൊണ്ടും പ്രബുദ്ധത കൈവരിച്ചിട്ടുള്ള ഒരു ലോകത്തിലാണ് പ്രസ്തുത ക്നാനായ പ്രൊഫസ്സർമാരും മാർ മൂലക്കാട്ടും ജീവിക്കുന്നത്. മെത്രാനായാലെന്താ കാർദിനാൾ ആയാലെന്താ *"കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കൈപ്പു ശമിപ്പതുണ്ടോ* "ജാതിവ്യവസ്ഥയും അയിത്തവും അടിമത്വവും അനേക നൂറ്റാണ്ടുകൾ അടിച്ചേൽപ്പിക്കപ്പെട്ട് അവയുടെ അഴിഞ്ഞാട്ടത്തിൽ ഒരു ഭ്രാന്താലയം ആയി തീർന്ന ഒരു

സമൂഹത്തിൻറ്റെ, മൂല്ല്യ വ്യവസ്ഥയുടെ, -സംസ്കാരത്തിൻറ്റെ- മാനസീക അടിമകളായിതീർന്ന ഒരു പറ്റം അല്പവിശ്വാസികളാണ് മാർ മാക്കീലും അദ്ദേഹത്തിൻറ്റെ പിൻഗാമികളും. കുർബാന, കൂദാശകൾ തുടങ്ങിയുള്ള കുറെ അനുഷ്ഠാനങ്ങൾക്ക് ഉപരിയായി സഹാനുഭൂതി, സമസൃഷ്ടിസ്നേഹം, സാഹോദര്യം മാനവീകത എന്നീ ക്രൈസ്തവ മൂല്ല്യങ്ങളിലോ സുവിശേഷ പ്രബോധനങ്ങളിലോ യാതൊരുവിധ അവബോധവും ഇല്ലാത്ത ഈ കാരസ്കര കുരുക്കളാൽ നയിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുന്ന ക്നാനായ സമുദായം അന്ധരാൽ നയിക്കപ്പെടുന്ന അന്ധന്മാരാണ്. മേൽ പ്രസ്താവിച്ച ലിബറലിസം ആണ് ക്രിസ്തു പ്രബോധനമായ സുവിശേഷത്തിൽ ഉടനീളം നിറഞ്ഞു നിൽക്കുന്നത്; അതോടൊപ്പം മൂല്ല്യബോധവും. യേശുക്രിസ്തു ഒരു ക്രിസ്ത്യാനി അല്ലായിരുന്നു.മറിച്ച് മൂല്ല്യബോധ പ്രബുദ്ധനായ, ഒരു നവോഥാന നായകനായ, ആചാരാനുഷ്ഠാനപാരമ്പര്യ, മതമൗലീകവാദ, ദുരാചാരങ്ങളിൽനിന്ന് വിമുക്തി നേടിയ ഒരു കറതീർന്ന യഹൂദനായിരുന്നു. (a liberated Jew; only a LIBERATED Jew in every sense of the word) Matthew 12:1-8, Mark 2:23-28 and Luke 6:1-5.John 8:1-11, Mark 12:41-43

"***അഗ്നികിരീടം ചൂടി, അശ്വാരൂഢനായി" ... "കാലം അങ്കം ജയിച്ചുവന്ന തറവാട്ടിൽ നിറകതിർ വാരിതൂകി*** മാനവ ചരിത്രത്തിലേക്ക് പ്രൗഢഗംഭീരമായി ആവീർഭവിച്ച ഈ പ്രബുദ്ധത -നവോഥാനം- "***സരസ്വതീയാമം കഴിഞ്ഞു ഉഷസ്സിൻ സഹസ്രദളങ്ങൾ വിരിഞ്ഞു. വെൺകൊറ്റ കുടചൂടും മലയുടെ മടിയിൽ വെളിച്ചം ചിറകടിച്ചുയർന്നു "*** എന്ന പ്രകൃതി പ്രതിഭാസ പ്രക്രിയയുടെ പ്രതീകങ്ങളിലൂടെ ഒരു ഐന്ദ്രീക അനുഭൂതിയായി ഒരു മത വിശ്വാസിയോ ദൈവവിശ്വാസിയോ അല്ലായിരുന്ന ശ്രീ വയലാർ രാമവർമ്മ ഈ നവോഥാനത്തെ -ഈ പ്രബുദ്ധത പ്രഭാപൂരത്തെ- വിലയിരുത്തുമ്പോൾ, ആസ്വാദിച്ചാനന്ദിക്കുമ്പോൾ, ക്രൈസ്തവീയ 'പരിശുദ്ധാത്മാ സാന്നിധ്യ' സങ്കല്പത്തിൽ ആധ്യാത്മീക നിറവിൽ അഭിഷക്തനായ ഒരു സ്വാത്വീകൻറ്റെ മൂല്ല്യബോധ മികവിനെ അവകാശപ്പെടുന്ന മാർ മൂലക്കാട്ടിൽ മറിച്ച് ഈ പ്രതിഭാസത്തെ നിരുപാധികം തിരസ്കരിക്കുന്നു. കാരണം, അയിത്തം, തീണ്ടൽ, തൊടീൽ, തൊട്ടുകൂടായ്മ, ജാതിഭ്രഷ്ട്, ഊരുവിലക്ക്, തുടങ്ങ്യ ദുരാചാരങ്ങൾ മുതൽ ദുരഭിമാനക്കൊല എന്ന അതീവ ക്രൂരകൃത്യത്തിലേക്ക് വരെ മനുഷ്യ മനസ്സിനെ പ്രകോപിപ്പിക്കുന്ന സ്വജാതി വിവാഹ നിഷ്ഠ എന്ന ദുരാചാരലംഘനത്തിന് പ്രസ്തുത പ്രബുദ്ധത -നവോദ്ധാനം, പ്രതിഭാസം- കാരണമാകുന്നു എന്ന മാർ മൂലക്കട്ടിലിൻറ്റെ. ആശങ്കയും അവബോധവും ആണ്.

ഇത് ക്രൈസ്തവ മത വിശ്വാസ സ്രോതസായ ബൈബിളിനും കത്തോലിക്കാ സെമിനാരി ശിക്ഷണത്തിനും പരിശീലനത്തിനും ഫലപ്രദമായി ആചാരാനുഷ്ഠാനാ ധിഷ്ഠിതമായ പ്രാകൃത, ഗോത്ര മത സങ്കൽപ്പങ്ങളിൽ നിന്ന് വിമുക്തരാക്കി സമത്വ, സ്വാതന്ത്ര്യ, സാഹോദര്യ, മാനവീകതാ ധാർമീക മൂല്ല്യങ്ങൾ സംരക്ഷിക്കപ്പെടുന്ന, സാക്ഷാത്കരിക്കപ്പെടുന്ന, ഒരു സംസ്കൃത മത നേതൃത്വത്തെ രൂപപ്പെടുത്തുന്നതിൽ ഉണ്ടായ ദയനീയമായാ പരാജയത്തെ തെളിയിക്കുന്നു

ഒരു പുരോഹിതൻ്റെ അനുഭവ സാക്ഷ്യം, ഒരു കുറുപ്പിനകത്തച്ഛൻ്റെ മരണ വാർഷീകത്തോട് അനുബന്ധച്ച് *അമേരിക്കൻ ക്നാ* എന്ന ഈ-മെയിലിൽ ഈ ഇടെ പ്രസിദ്ധപ്പെടുത്തിയത് പ്രസ്തുത '*സെമിനാരി ശിക്ഷണ പരാജയ*' വാദത്തെ ബലപ്പെടുത്തുന്ന ഒരു അനിഷേധ്യ തെളിവാണ്. ***സെമിനാരികളിൽ അദ്ധ്യാപകരായ പുരോഹിതരോട് ടേബിൾ ടെന്നീസ് കളിക്കുമ്പോൾ സെമിനാരി വിദ്യാർത്ഥികൾ മനഃപൂർവ്വം തോറ്റുകൊടുത്തില്ലെങ്കിൽ പ്രസ്തുത അദ്ധ്യാപകർ അവരെ മനഃപൂർവ്വം പരീക്ഷയിൽ തോൽപ്പിക്കും*** എന്ന് ഒരു ധ്യാനഗുരുവും വചന പ്രഘോഷകനും എന്നതിനുപരി ഒരു ക്നാനായ രോമാഞ്ചവും താരവും ആയിത്തീർന്ന ഈ പുരോഹിതൻ പ്രസ്തുത ഈ- മെയിലിലെ അദ്ദേഹത്തിൻ്റെ പ്രസംഗത്തിൽ സാക്ഷ്യപ്പെടുത്തുന്നു. മതങ്ങളിലെ വ്യാപകമായ ഇപ്രകാരമുള്ള അഴിമതിയും അധികാര ദുരുപയോഗവും അദ്ധ്യാത്മീക ശൂന്യതയും മൂല്ല്യപാപ്പരത്വവും ധർമ്മ ചുതിയും വയലാറിൻ്റെ "***മതങ്ങൾ കെട്ടി ഉയർത്തിയ കോട്ടയിൽ മരണമടയുന്നു ദൈവങ്ങൾ*** "എന്ന പ്രഖ്യാപനത്തെ പൂർണ്ണമായും അന്വർഥമാക്കുന്നു.

ജോർജ്ജ് ജെ. പൂഴിക്കാലാ